K15U 0186

Reg. No.: ..............................

Name : ..................................

[library stamp: Thalassery ... Library ... College]

**III Semester B.A. Degree (CCSS-2014 Admn. – Regular)**
**Examination, November 2015**
**CORE COURSE IN MALAYALAM**
**3 B 03 MAL : ചെറുകഥാ സാഹിത്യം**

Time : 3 Hours Max. Marks : 40

I. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) സമകാലിക മലയാള കഥയുടെ പ്രത്യേകതകൾ 'മലയാളം', 'സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം', 'ഓർമ്മയുടെ ഞരമ്പ്' എന്നീ കഥകളെ മുൻനിർത്തി വിശദമാക്കുക.

2) എം. ടി. വാസുദേവൻ നായരുടെ കഥാകഥന തന്ത്രങ്ങൾ 'കർക്കിടകം' എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

3) രസകരമായി കഥ പറയുക എന്നത് ആദ്യകാല മലയാളകഥയുടെ പ്രധാന സ്വഭാവമാണ് എന്ന് പറയുന്നതിന്റെ കാരണം പരിശോധിക്കുക.

4) പഠിക്കാനുള്ള കഥകളെ ഉദാഹരിച്ച് 'പെണ്ണെഴുത്ത്' മലയാളകഥയിൽ എത്രത്തോളം ശക്തമാണ് എന്ന് പരിശോധിക്കുക.

II. **നൂറ്റൻപതു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) 'തലയിലെഴുത്ത്' എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക.

6) 'തിരുത്ത്' എന്ന കഥയുടെ സാമൂഹിക പ്രസക്തി ചർച്ച ചെയ്യുക.

P.T.O.

7) വി. കെ. എന്നിന്റെ ഫലിതബോധം 'വിവാഹപ്പിറ്റേന്ന്' എന്ന കഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

8) ഒരു ദുരന്തത്തെ ഭാവഗീതമാക്കി മാറ്റുന്ന കഥയാണ് 'നെയ്പായസം'. ചർച്ച ചെയ്യുക.

9) 'രാത്രിമൊഴി' എന്ന കഥയുടെ സമകാലിക പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

10) മനുഷ്യൻ അന്ധവിശ്വാസിയായിത്തീരുന്നതെങ്ങനെയെന്ന് ലളിതമായി കാണിച്ചു തരുന്ന കഥയാണ് 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും' – പരിശോധിക്കുക.

III. **നൂറ്** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ''കണ്ണടച്ച് മിണ്ടാതെ കിടന്നു. മനസ്സിനു മുൻപിൽ ആ കൊച്ചുകാളിയുടെ വിഗ്രഹം തെളിഞ്ഞു'' – ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

12) ''എണ്ട തൈവേ! ഇത്തര പൊരിഞ്ചാണ് ഇരിക്കണേണ്ണ് എൻ അറിഞ്ഞില്ലല്ലാ. എങ്കി ഏൻ കടോ വെലേ മേടിച്ചു കൊറേക്കൂടി എന്തെങ്കിലും കൊണ്ടുവന്നു തന്താനേല്ലാ...'' – ആരുടെ വാക്കുകൾ ? സന്ദർഭമെഴുതുക.

13) ''ഞാൻ തുറന്നു നോക്കി. പണം എല്ലാം ഭദ്രമായി അതിലുണ്ട്. ഞാൻ അത് എന്റെ പോക്കറ്റിലിട്ടു'' – കഥാകൃത്ത് ഇപ്രകാരം ചെയ്യാനുണ്ടായ സംഭവം വിശദീകരിക്കുക.

14) ''ശചീനാഥന്റെ ദേഹം പോലും കണ്ടില്ല. കുറേ ചാരം മാത്രം ആ മുറിയുടെ തറയിൽ ചിതറി ശേഷിച്ചു.'' സന്ദർഭമെന്ത് ? വിശദീകരിക്കുക.

15) ''എക്സിസ്റ്റൻഷ്യലിസത്തിൽ ഭാര്യയെ നഷ്ടപ്പെടുന്നത് ഒരു സംഭവമല്ല എന്നാണ് ആ തത്വശാസ്ത്രം വായിച്ചിട്ടുള്ളവർ പറയുന്നത്'' – വിശദമാക്കുക.

16) ''രാജൻ ചിരിച്ചുകൊണ്ടു പറഞ്ഞു: 'ശെരിയാ ..... അമ്മ അസ്സല് നെയ്പ്പായസമാ ഉണ്ടാക്ക്യേത് ......'' – സന്ദർഭമെഴുതി വിശദീകരിക്കുക.



IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും **ആറെണ്ണ**ത്തിന് **ഒറ്റ**വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. **(6×1=6)**

17) വാസനാവികൃതി എന്ന കഥ എഴുതിയതാര് ?

18) 'വെള്ളപ്പൊക്കത്തിൽ' ആരുടെ കഥയാണ് ?

19) എൻ. എസ്. മാധവന്റെ 'തിരുത്ത്' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന സംഭവം ?

20) 'പര്യായകഥകൾ' ആരുടെ കഥാസമാഹാരമാണ് ?

21) പിതാമഹൻ എന്ന നോവൽ രചിച്ചത് ആര് ?

22) ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നത് _______________ ആണ്.

23) _______________ആണ് 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന പുസ്തകമെഴുതിയത്.

24) 'അന്തോണീ നീയും അച്ചനായോടാ' എന്ന കഥയെഴുതിയതാര് ?

_______________